**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **302** | 10.05.2017 ൽ മറുപടിക്ക്

## *ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ.ബി. സതീഷ്**<br>**" എ. പ്രദീപ്കുമാർ**<br>**" എസ്. ശർമ്മ**<br>**" എൻ. വിജയൻ പിള്ള** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യയ്ക്ക് നിർണ്ണായക മായ പങ്കുണ്ട്. ഈ വസ്തുത മനസ്സിലാക്കി അവ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. താഴെപ്പറയുന്നവയാണ് ഐ.ടി. നയത്തിന്റെ മുഖ്യലക്ഷ്യങ്ങൾ.<br>1) കേരളത്തെ ഏറ്റവും നല്ല ഐ.ടി നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക.<br>2) മികച്ച ഇ-ഗവേണൻസ് സംവിധാന ത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക.<br>3) മനുഷ്യവിഭവ ശേഷി, വാണിജ്യ വളർച്ച എന്നീ ഘടകങ്ങൾ ഉറപ്പാക്കാൻ വിവര സാങ്കേതികവിദ്യയുടെ അർത്ഥപൂർണ്ണ മായ ഉപയോഗം സാധ്യമാക്കുക.<br>4) യുവസംരംഭകരെ വാർത്തെടുക്കുന്നതോ ടൊപ്പം ഐ.ടി വ്യവസായത്തിന് ഗുണമേന്മയുള്ള മനുഷ്യവിഭവശേഷി ഉറപ്പാക്കുക. |
| (ബി) മാനവശേഷി വികസനത്തിനും തൊഴിൽ രംഗത്തും ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ ടെലികോം/മൊബൈൽ മേഖലകൾ, ഇവയുടെ അനുബന്ധ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാണ് ഐ.റ്റി. മേഖലയുടെ അഭിവൃ ദ്ധിയ്ക്കായി പ്രസ്തുത നയത്തിൽ പ്രധാന മായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളിലെ |

വളർച്ച ലക്ഷ്യമിടുന്നു.

1) മാനവശേഷി മൂലധന വികസനം;
2) ഐ.ടി. പാർക്കുകൾ ഉൾപ്പെടെ പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ;
3) വിഭവസമാഹാരണം;
4) ഡിജിറ്റൽ സാക്ഷരത, ഇ-കൊമേഴ്സ്;
5) ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ
6) ഫാബ് ലാബുകൾ മുതൽ സ്മാർട്ട് ഗ്രാമങ്ങൾ വരെ
7) അർത്ഥവത്തായ വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയ്ക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ ഐ.ടി. നയത്തിന് സാധിക്കും. എല്ലാ തലത്തിലുമുള്ള ജനവിഭാഗങ്ങൾക്കും ഐ.ടിയുടെ പ്രയോജനം ലഭ്യമാക്കുമെന്ന് നയം ഉറപ്പാക്കുന്നതാണ്.

| | |
|---|---|
| (സി) സേവന രംഗത്തും ഭരണ സംവിധാനത്തിലും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം ഏതെല്ലാം വിധത്തിൽ സാധ്യമാകുമെന്ന് അറിയിക്കാമോ? | (സി) സേവന രംഗത്തും ഭരണ സംവിധാനത്തിലും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനായി നിരവധി പദ്ധതികൾ ഐ.ടി. നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്:- |

*സർക്കാർ സേവനങ്ങൾ നൂതന സംവിധാനങ്ങൾ വഴി സുഗമവും, സുതാര്യവുമാക്കി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.

*സംസ്ഥാന സർക്കാരിന്റെ സേവനങ്ങൾക്കായി ഒരു ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനം. മൊബൈൽ ആപ്ലിക്കേഷൻസ്, അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സ്റ്റേറ്റ് കോൾ സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംയുക്ത ഇ-ഗവേണൻസ് പദ്ധതികൾ.

*ഡിജിറ്റൽ സാങ്കേതിക വിദ്യയെ വ്യത്യസ്ത തലത്തിൽ പ്രയോജനപ്പെടുത്താൻ ഉതകും വിധമുള്ള ഡേറ്റാ സെന്ററുകൾ, ഓപ്പൺലൈവ് പോർട്ടലുകൾ. മൊബൈൽ

ആപ്ലിക്കേഷനുകൾ, വിവിധ വകുപ്പുകളിലെ ഐ.ടി. സെല്ലുകൾ

*സർക്കാരിന്റെയും വിവിധ വകുപ്പുകളുടേയും ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും ഉൾപ്പെടുത്തിയുള്ള GIS സംവിധാനം.

Vanchesu

സെക്ഷൻ ഓഫീസർ